(ബി) അന്വേഷണത്തിന്റെ വെളിച്ചത്തിൽ എന്തു നടപടികൾ സ്വീകരിച്ചു;

(സി) അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ സി. എച്ച്. മുഹമ്മദു കോയ):

(എ) ഉണ്ട്.

(ബി) യൂണിവേഴ്സിറ്റി ചാൻസലർ, രജിസ്ട്രാർ, ശ്രീ ടി. കെ. കോശിയെ സർവ്വീസിൽ നിന്നു സസ്പെൻറു ചെയ്യുകയും സിൻഡിക്കേറ്റിനോട് ഇതിനെപ്പറ്റി കൂടുതൽ അന്വേഷണം നടത്താനും ആവശ്യമുണ്ടെങ്കിൽ വേണ്ട ശിക്ഷണ നടപടികൾ എടുക്കുന്നതിനും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതു ശരിയാണെന്നു കരുതുന്നില്ല.

റിസർവ്വ് ബാങ്കിൽനിന്നും എടുത്തിട്ടുള്ള ഓവർ ഡ്രാഫ്റ്റ്

*336 [353] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെൻറ് റിസർവ്വ് ബാങ്കിൽ നിന്നും എത്ര കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് ആണ് എടുത്തിരിക്കുന്നത്;

(ബി) അനുവദിച്ച ഓവർഡ്രാഫ്റ്റിനേക്കാൾ എത്ര കോടി രൂപ കൂടുതൽ എടുത്തു;

(സി) കേരളത്തിന്റെ വെയ്സ് ആൻറ് മീൻസ് പൊസിഷൻ തൃപ്തികരമാണോ?

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) നടപ്പു വർഷത്തിൽ കേരള ഗവൺമെൻറ് റിസർവ്വ് ബാങ്കിൽ നിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല.

(ബി) മേൽപ്പറഞ്ഞ മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) തൃപ്തികരമാണ്.

കേരളത്തിലെ കോളേജുകൾ

*337 [354] ശ്രീ. പി. റ്റി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയുള്ള ഫസ്റ്റ് ഗ്രേഡ് കോളേജുകൾ എത്ര;

(ബി) ജൂനിയർ കോളേജുകൾ എത്ര;

(സി) നിലവിലുള്ള ജൂനിയർ കോളേജുകൾ അടുത്ത അദ്ധ്യയന വർഷത്തിൽ അപ്ഗ്രേഡ് ചെയ്യാനുദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly